ഖുത്ബ
16. 2. 2007
ബയ്ത്തുൽ ഫുതൂഹ്, ലണ്ടൻ

# അർറഹീം (2)
# ചോദിക്കുന്നവർക്ക് മാത്രം നല്കുന്നവൻ

**അ**ല്ലാഹുവിന്, അവന്റെ റഹീമിയ്യത്തിന്റെ ദിവ്യ ജ്യോതിസ്സ് തന്റെ ദാസന്മാർക്ക് കാണിച്ചു കൊടുക്കുന്നതിന് വിവിധ രീതികളുണ്ട്. ചിലപ്പോൾ പൊറുക്കലിനെ തേടുന്നവർക്കായി തന്റെ പൊറുക്കലിന്റെ കവാടം തുറന്നുകൊണ്ട് അവരുടെ പൊറുക്കലിനുള്ള സാഹചര്യമൊരുക്കുന്നു. അവർക്ക് നന്മ ചെയ്യാനുള്ള സൗഭാഗ്യം കൊടുക്കുന്നു. തന്നോടുള്ള കാരുണ്യം ചോദിക്കലും തന്റെ ദയകൊണ്ടാണെന്ന് ചിലപ്പോൾ അല്ലാഹു അവർക്ക് മനസ്സിലാക്കിക്കൊടുക്കുന്നു. തന്റെ അനുഗ്രഹം ഉണ്ടായിരുന്നില്ലെങ്കിൽ, തന്റെ കാരുണ്യം തേടണമെന്ന വിചാരം നിങ്ങൾക്കുണ്ടാകുമായിരുന്നില്ല എന്ന് അവൻ പറയുന്നു. എന്റെ റഹ്മാനിയ്യത്ത് എന്ന മഹനീയ ഗുണം നിങ്ങളുടെ മനസ്സിൽ ഉള്ളതുകൊണ്ടാണ് നിങ്ങൾ എന്നിലേക്ക് കുനിയുന്നത്. കാരണം അല്ലാഹുവിന്റെ അനുഗ്രഹങ്ങളും പാരിതോഷികങ്ങളും ഓർത്തുകൊണ്ട് അവന്റെ മുമ്പിൽ കുനിയുക എന്നത് വിശ്വാസികളുടെ സമ്പ്രദായമാണ്. ഈ ബോധത്തിന് വഴിപ്പെട്ടുകൊണ്ടാണ്, തന്നെ പ്രണമിക്കുന്നതെന്നും, തന്റെ റഹീമിയ്യത്തിൽനിന്ന് ഓഹരി പ്രാപിക്കുന്നതെന്നും അല്ലാഹു പറയുന്നു. അതുകൊണ്ട്, തന്റെ അനുഗ്രഹത്തെ സ്വരുക്കൂട്ടുന്നതിനായി തന്നെ വിളിച്ചുകൊണ്ടേയിരിക്കണമെന്ന് അവൻ ഓർമ്മപ്പെടുത്തുന്നു. കാരണം ഇക്കാര്യം തന്നെയാണ് നിങ്ങളെ നന്മ പ്രവർത്തിക്കുന്നതിലേക്ക് പ്രേരിപ്പിക്കുന്നത്.

ചിലപ്പോൾ, തന്റെ കാരുണ്യം കരസ്ഥമാക്കാൻ വേണ്ടി തന്റെ വഴിയിൽ ജിഹാദ് ചെയ്യണമെന്നും തനിക്കുവേണ്ടി സ്വദേശം വെടിയേണ്ടത് അത്യാവശ്യമായിവരുമെന്നും, ഇതുമുഖേന തന്റെ റഹ്മത്തിന്റെ കവാടം നിങ്ങൾക്കായി തുറക്കുമെന്നും നമസ്കരിക്കുന്നവരും ദാനധർമ്മങ്ങൾ ചെയ്യുന്നവരും തന്റെ റഹീമിയ്യത്തിന്റെ കാഴ്ചകൾ ഈ ലോകത്തും പരലോകത്തും കാണുമെന്നും അല്ലാഹു പറയുന്നു. നിങ്ങൾ അനുഷ്ഠിക്കുന്ന സൽക്കർമ്മങ്ങളുടെ സൽഫലങ്ങൾ ഈ ലോകത്തും പരലോകത്തും നിങ്ങൾ കാണുമെന്ന് ചിലപ്പോൾ വിശ്വാസികളെ അവൻ അറിയിക്കുന്നു. ചുരുക്കിപ്പറഞ്ഞാൽ, ഒരുപാട് ഇത്തരം കാര്യങ്ങളുണ്ട്. അവ നിറവേറ്റുന്നതുകൊണ്ട് സത്യവിശ്വാസി അല്ലാഹുവിന്റെ റഹീമിയ്യത്തിൽനിന്ന് ഓഹരി പറ്റുന്നു.

ഒരു സത്യവിശ്വാസിയുടെ അടയാളംതന്നെ, അവൻ അല്ലാഹുവിന്റെ റഹീമിയ്യത്ത് എന്ന മഹനീയഗുണത്തിൽ കൂടുതൽ പങ്കാളിയാകുന്നു എന്നതാണ്. കാരണം, അല്ലാഹുവിന്റെ ഈ മഹനീയഗുണം തന്നെയാണ് സത്യവിശ്വാസിയേയും അല്ലാത്തവനേയും വേർപ്പെടുത്തി കാണിക്കുന്നത്. അല്ലാഹുവിന്റെ മുമ്പിൽ കുനിഞ്ഞുകൊണ്ട് അവനോട് ആത്മീയവും ഭൗതികവുമായ അനുഗ്രഹങ്ങളും അവന്റെ തൃപ്തിയും അർത്ഥിക്കുന്നു എന്നത് ഒരു സത്യവിശ്വാസിയുടെ അന്തസ്സാണ്. അത് പിന്നീട് അവന് ലഭിക്കുകയും ചെയ്യുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: കാരുണ്യത്തിന്റെ രണ്ടാമത്തെ തരം മനുഷ്യന്റെ സൽക്കർമ്മം അനുസരിച്ച് ക്രമീകരിക്കപ്പെടുന്നു എന്നതാണ്. അവൻ വിലപിച്ച് പ്രാർത്ഥിക്കുമ്പോൾ അത് സ്വീകരിക്കപ്പെടുന്നു. അവൻ അധ്വാനത്തോടെ വിത്തു വിതയ്ക്കുമ്പോൾ, ദൈവിക കാരുണ്യം ആ വിത്തിനെ വളർത്തുന്നു. അങ്ങനെ അതിൽനിന്ന് അതിന്റെ വലിയൊരു കൂമ്പാരം ഉണ്ടാകുന്നു. ഇപ്രകാരംതന്നെ സൂക്ഷിച്ചു നോക്കുകയാണെങ്കിൽ, നമ്മുടെ ഓരോ സൽക്കർമ്മത്തിനോടുമൊപ്പം, അത് ദീനുമായി ബന്ധപ്പെട്ടതാവട്ടെ, അല്ലെങ്കിൽ ദുൻയാവുമായി ബന്ധപ്പെട്ടതാവട്ടെ ദൈവിക കാരുണ്യം അതിനോട് ചേർന്നിരിക്കുന്നു എന്നതാണ്. ദൈവിക നടപടികളിൽപെട്ട ഈ നിയമങ്ങളുടെ അടിസ്ഥാനത്തിൽ ആത്മീയപരമോ ഭൗതികപരമോ ആയ എന്തെങ്കിലും അധ്വാനം നാം ചെയ്യുമ്പോൾ ദൈവിക കാരുണ്യം നമ്മോടൊപ്പം ഉണ്ടാകുന്നു. നമ്മുടെ അധ്വാനത്തെ പച്ചപ്പുള്ളതാക്കിത്തീർക്കുന്നു.”

ഒരു സത്യവിശ്വാസിയും അല്ലാത്തവനും തമ്മി

ലുള്ള വ്യത്യാസമാണിത്. സത്യവിശ്വാസി ആത്മീയവും ഭൗതികവുമായ അനുഗ്രഹങ്ങൾക്കായി അല്ലാഹുവിനെ, അവന്റെ കാരുണ്യത്തെ മധ്യസ്ഥനാക്കിക്കൊണ്ട് അവന്റെ മുമ്പിൽ കുനിയുന്നു. പക്ഷേ, ദൈവികനിയമങ്ങളനുസരിച്ച് അനുഗ്രഹങ്ങൾ കരസ്ഥമാക്കുന്നതിനും റഹീമിയ്യത്തിൽ ഭാഗഭാക്കാകുന്നതിനും വേണ്ടി എന്തെങ്കിലും അനിവാര്യമായ പ്രവൃത്തിയും ദുആയോടൊപ്പം ചെയ്യേണ്ടതായി വരുമെന്ന് അല്ലാഹു പറയുന്നു. നമസ്കാരം, നോമ്പ്, സക്കാത്ത്, സദഖ തുടങ്ങിയവയുമുണ്ട്. ഈ കർമ്മങ്ങൾ സ്വീകരിക്കപ്പെടുകയും റഹീമിയ്യത്തിന്റെ അമാനുഷികത കാണിക്കുകയും ചെയ്യുന്നത് മറ്റു സൽക്കർമ്മങ്ങളും ചെയ്യാൻ ശ്രദ്ധിക്കുമ്പോഴാണ്. ഇതുതന്നെയാണ് ഒരു മുഅ്മിന്റെ പ്രത്യേകത. അവൻ അല്ലാഹുവിനോടും അവന്റെ സൃഷ്ടികളോടുമുള്ള കടമ നിറവേറ്റുന്നവനായിരിക്കും. പിന്നീട് അല്ലാഹുവിന്റെ റഹീമിയ്യത്തിന്റെ ദാനത്താൽ, അവന്റെ അനുഗ്രഹങ്ങൾ തേടുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: പ്രതീക്ഷിച്ചിരിക്കുന്ന അനുഗ്രഹങ്ങൾ പ്രാപിക്കുന്നതിനായി ശ്രമിക്കുന്നവന്റെ മേലാണ് റഹീമിയ്യത്തിന്റെ അനുഗ്രഹം ഇറങ്ങുന്നത്. (ആഗ്രഹിക്കുകയും പ്രതീക്ഷിക്കുകയും ചെയ്യുന്നതുപോലെ അവൻ അനുഗ്രഹം നേടാൻ ശ്രമിക്കുന്നു.) അതുകൊണ്ട് തന്നെ ഇത് തങ്ങളുടെ ഉദാരവാനായ രക്ഷിതാവിനെ അനുസരിച്ച വിശ്വാസികളുമായി പ്രത്യേകപ്പെടുത്തിയിരിക്കുന്നു. '***വകാന ബിൽ മുഅ്മിനീന റഹീമാ***' എന്ന അല്ലാഹുവിന്റെ വാക്കുകളിൽ പറഞ്ഞതുപോലെതന്നെ. അതായത് അവൻ സത്യവിശ്വാസികളോട് ആവർത്തിച്ചാവർത്തിച്ച് കാരുണ്യം കാണിക്കുന്നവനാകുന്നു. (33:44)

ഒന്ന് വിശ്വാസത്തിനോടൊപ്പം അനുസരണം നിബന്ധനയാണ്. ഒരു മുഅ്മിൻ എല്ലാതരത്തിലുള്ള സൽക്കർമ്മങ്ങളും അനുഷ്ഠിക്കുമ്പോഴായിരിക്കും അനുസരണം യഥാർത്ഥ അനുസരണമായിത്തീരുന്നത്. പിന്നീട് അവൻ ഈമാനിൽ ശക്തിപ്രാപിച്ചുകൊണ്ടേപ്പോകും. അല്ലാഹു വിശുദ്ധഖുർആനിലും ഇതിനെക്കുറിച്ച് ഉപദേശിക്കുന്നുണ്ട്. ഒരു പ്രാവശ്യം വിശ്വസിക്കാൻ ഭാഗ്യം നല്കിയാൽ, അതിനെ നിങ്ങൾ സംരക്ഷിക്കുകയും വേണമെന്ന് അല്ലാഹു പറഞ്ഞിരിക്കുന്നു. നിങ്ങളുടെ ആരാധനാകർമ്മങ്ങളേയും ജീവനുള്ളതാക്കുക. അല്ലാഹുവിനോടുള്ള എല്ലാ കടമകളും നിറവേറ്റുക. മറ്റു സൽക്കർമ്മങ്ങൾ അനുഷ്ഠിച്ചുകൊണ്ട് സൃഷ്ടികളോടുള്ള കടമ നിറവേറ്റാനും ശ്രദ്ധിക്കുക. ഈ രണ്ടുതരത്തിലുമുള്ള കർമ്മങ്ങൾ നിങ്ങൾക്ക് അനുഷ്ഠിക്കാൻ കഴിയുന്നത്, അല്ലാഹുവിനോടുള്ള ഭയം നിങ്ങളുടെ ഹൃദയത്തിൽ ഉണ്ടാകുമ്പോഴാണ്. ആരാധനാകർമ്മങ്ങളിലേക്ക് ശ്രദ്ധിക്കണമെന്നും രണ്ടുതരം കടമകളും നിറവേറ്റുന്നതിനായി, അല്ലാഹുവിൽനിന്ന് അവന്റെ സഹായം തേടണമെന്നും ഒരു ചിന്തയുണ്ടാകും. അവന്റെ സഹായം ഒപ്പമില്ലെങ്കിൽ, പ്രവൃത്തിയെടുക്കാനും സൽക്കർമ്മങ്ങൾ ചെയ്യാനും സാധിക്കുകയില്ല. അല്ലാഹുവിന്റെ സഹായത്തോടെ സൽപ്രവൃത്തിയും സൽക്കർമ്മങ്ങളും ചെയ്യുമ്പോൾ, അല്ലാഹു അത്തരക്കാരുടെ ഏറ്റവും അടുത്തായിത്തീരുന്നു. ദയയോടുകൂടി അവരെ ശ്രദ്ധിക്കുന്നു. അവന്റെ സൽപ്രവൃത്തികളിൽ പിടിച്ചുനിറുത്തുന്നു. എല്ലാതരം ഫിത്നകളിൽ നിന്നും കുഴപ്പങ്ങളിൽനിന്നും രക്ഷിക്കുന്നു. അല്ലാഹു പറയുന്നു:

***വലാ തുഫ്സിദൂ ഫിൽഅർളി ബഅ്ദ ഇസ്‌ലാഹിഹാ വദ്ഊഹു ഖൗഫൻവ്വ ത്വമഅ- ഇന്ന റഹ്മത്തല്ലാഹി ഖരീബുൻമ്മിനൽ മുഹ്സിനീൻ***

ഭൂമിയിൽ നന്മ വരുത്തിയശേഷം അതിൽ കുഴപ്പമുണ്ടാക്കരുത്. ഭയത്തോടും പ്രത്യാശയോടുംകൂടി നിങ്ങൾ അവനെ വിളിച്ചു പ്രാർത്ഥിക്കുക. തീർച്ചയായും അല്ലാഹുവന്റെ കാരുണ്യം സുകൃതവാന്മാരുമായി അടുത്തതാണ്. (7:57)

ഇതാണ് മുഅ്മിന്റെ അടയാളം. സാമൂഹികമായ നിലയിലും വ്യക്തിപരമായ നിലയിലും, സമൂഹത്തിൽ കുഴപ്പമുണ്ടാകുമെന്ന് ആശങ്കയുള്ള ഒരു കാര്യവും സംസാരിക്കരുത്. നിങ്ങളെക്കൊണ്ട് സാധിക്കാത്ത കാര്യമാണെങ്കിൽ ദുആ ചെയ്തുകൊണ്ടിരിക്കുക. ഒരു മുഅ്മിൻ അല്ലാഹുവിൽനിന്ന് കരുണ കാംക്ഷിച്ചും കുഴപ്പങ്ങളിൽനിന്നും ഫിത്നയിൽ നിന്നും സ്വയം രക്ഷപ്പെട്ടുംകൊണ്ട് അവനെ വിളിക്കുമ്പോൾ, ഞാൻ പറഞ്ഞതുപോലെ അല്ലാഹുവിന്റെ റഹ്മത്ത് കരസ്ഥമാക്കുന്നതിനുവേണ്ടിയുള്ള നിബന്ധനകളെല്ലാം പൂർത്തിയാക്കിക്കൊണ്ട് അവനെ വിളിക്കുമ്പോൾ അല്ലാഹു അത്തരക്കാരെ ശ്രദ്ധിച്ചുകൊണ്ട് അവരുടെ പ്രാർത്ഥന കേൾക്കുന്നു. അത്ഭുതപ്പെടുത്തുന്നതും ചിന്തിക്കാൻപോലും സാധിക്കാത്തതുമായ മാർഗ്ഗത്തിലൂടെ അവന്റെ റഹ്മത്തുകൾ ഇറങ്ങുന്നു. മുഹ്സിനീൻ എന്നു പറയുന്നവർ സൃഷ്ടികളോടും അല്ലാഹുവിനോടുമുള്ള കടമ നിറവേറ്റുന്നവരാണ്. അതിലേക്ക് പൂർണ്ണമായും ശ്രദ്ധിക്കുന്നവരാണ്.

കുഴപ്പങ്ങൾ നിറഞ്ഞ ഇക്കാലഘട്ടത്തിൽ- ഇതിലൂടെയാണ് ലോകം ഇന്ന് കടന്നുപൊയ്ക്കൊണ്ടിരിക്കുന്നത്- അല്ലാഹുവിന്റെ എത്രമാത്രം വലിയ

ഔദാര്യമാണ് അഹ്മദികളായ നമ്മുടെമേൽ ഉണ്ടായിട്ടുള്ളത്. അവൻ നമുക്ക് ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിക്കാനുള്ള തൗഫീഖ് നൽകി. അല്ലാഹുവിന്റെ ഈ ഔദാര്യത്തിനും അനുഗ്രഹത്തിനും ഒരിക്കലും ഒന്നും പകരം കൊടുക്കാൻ സാധിക്കുകയില്ല. അല്ലാഹു ഔദാര്യത്തിനുമേൽ ഔദാര്യം ചെയ്തുകൊണ്ടേപോകുന്നു. കുഴപ്പമുണ്ടാക്കാത്തവരേയും അവനെ ആരാധിക്കുന്നവരേയും മുഹ്സിനീംകളിൽ ഉൾപ്പെടുത്തുന്നു. അവരുടെ ദുആ സ്വീകരിക്കുമെന്ന് പറഞ്ഞ് സമാധാനപ്പെടുത്തുന്നു.

ഇത് എത്രവലിയ ബഹുമതിയാണ് നമുക്ക് കിട്ടിക്കൊണ്ടിരിക്കുന്നത്. ഇത് സാധാരണ നന്മ പ്രവർത്തിക്കുന്നവർക്കുള്ള ബഹുമതിയല്ല. പ്രത്യുത, എപ്പോഴും അല്ലാഹുവിനോടുള്ള ഭയം കാരണത്താൽ അവന്റെ കല്പനകളനുസരിച്ച് പ്രവർത്തിക്കുന്നവർക്കുള്ള ബഹുമതിയാണ്. ഇപ്രകാരംതന്നെ അല്ലാഹുവിന്റെ മുമ്പിൽ നില്ക്കുന്നുവെന്നപോലെ, അവനെ കണ്ടുകൊണ്ടിരിക്കുന്നുവെന്നപോലെ, അല്ലെങ്കിൽ അല്ലാഹു അവരെ കണ്ടുകൊണ്ടിരിക്കുന്നുവെന്നപോലെ അവന്റെ കല്പനകൾ പാലിച്ച് ജീവിക്കുന്നവർക്കുള്ള ബഹുമതിയാണ്. നമസ്കരിക്കുമ്പോഴും നിങ്ങളുടെ അവസ്ഥ ഇങ്ങനെയായിരിക്കണമെന്ന് നബി(സ) തിരുമേനി പറഞ്ഞു. അതായത്, അല്ലാഹുവിന്റെ മുമ്പിൽ നിന്നുകൊണ്ട് അവനെ കാണുന്നുവെന്നപോലെ നമസ്കരിക്കുക. അല്ലെങ്കിൽ കുറഞ്ഞപക്ഷം അല്ലാഹു നിങ്ങളെ കാണുന്നുവെന്ന ഓർമ്മയോടുകൂടി നമസ്കരിക്കുക.

ഈ അവസ്ഥ ഉണ്ടായിക്കഴിഞ്ഞാൽ, അല്ലാഹുവിന്റെ എല്ലാതരം കാരുണ്യത്തിന്റേയും കവാടങ്ങൾ ഒരു മുഅ്മിന് തുറക്കപ്പെടുന്നു. മറ്റൊരു സ്ഥലത്ത്, എന്റെ വഴിയിൽ ജിഹാദ് ചെയ്യുന്നവരും, എനിക്കുവേണ്ടി ത്യാഗം വരിക്കുന്നവരും എനിക്കുവേണ്ടി സ്വദേശം വെടിഞ്ഞ് മറ്റു ദേശത്ത് പോകുന്നവരും എന്റെ സമീപത്തുള്ളവരാണെന്നും എന്റെ കാരുണ്യത്തിൽ ഏറെ ഭാഗം പ്രാപിക്കുന്നവരാണെന്നും അല്ലാഹു പറയുന്നു. അവൻ പറയുന്നു:

***ഇന്നല്ലദീന ആമനൂ വല്ലദീന ഹാജറൂ വ ജാഹദൂ ഫീ സബീലില്ലാഹി ഉലായിക്ക യർജൂന റഹ്മത്തല്ലാഹി- വല്ലാഹു ഗഫൂറുർറഹീം***

വിശ്വസിക്കുകയും (വിശ്വാസ സംരക്ഷണത്തിനായി) സ്വദേശം വെടിയുകയും അല്ലാഹുവിന്റെ മാർഗ്ഗത്തിൽ തീവ്രയത്നം നടത്തുകയും ചെയ്തവരാരോ അവർ അല്ലാഹുവിന്റെ കാരുണ്യത്തെ പ്രതീക്ഷിക്കുന്നവരാണ്. അല്ലാഹു സർവഥാ പൊറുത്തുകൊടുക്കുന്നവനും നിരന്തരം കൃപ ചെയ്യുന്നവനുമാകുന്നു. (2:219)

ഈമാനോടൊപ്പം, ഇവിടെ ഹിജ്റത്തും ജിഹാദും നിബന്ധനയായി വെച്ചിരിക്കുന്നു. ഇത് വിശ്വസിക്കുന്നവർക്ക് അല്ലാഹുവിന്റെ കാരുണ്യത്തിന് പ്രത്യാശ നല്കുന്നു. ഇവിടെ ഹിജ്റത്ത് എന്നു പറഞ്ഞാൽ വെറും സ്ഥലം ഉപേക്ഷിക്കുക എന്നതല്ല, അല്ലാഹു കല്പിച്ച നന്മ ചെയ്യാൻ തടസ്സമുണ്ടായതുകൊണ്ട് സ്വന്തം നാട് ഉപേക്ഷിക്കേണ്ടിവന്നു എന്നതുമാത്രമല്ല. ശരീരേച്ഛകളെ ഉപേക്ഷിക്കുന്നവരും ഈ സംഘത്തിൽപ്പെട്ടവരാണെന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു. അതായത് സ്വന്തം ഇന്ദ്രിയാശകളെ ത്യാഗം ചെയ്ത് തങ്ങളുടെ ദോഷങ്ങളെയൊക്കെ അവസാനിപ്പിച്ച് നന്മകളിൽ നിലകൊള്ളുന്നവർ. അതിനാൽ, ഈ പാശ്ചാത്യരാജ്യങ്ങളിലേക്ക് വരുന്നവരും ഈ ഭാഗത്തേക്ക് ശ്രദ്ധിക്കേണ്ടതാണ്. സ്വന്തം നാട്ടിലെ അവസ്ഥകൾ കാരണം നാടുവിടേണ്ടി വന്നിട്ടുണ്ടെങ്കിൽ, വെളിയിൽ വന്നപ്പോൾ നല്ല നിലയിലായിത്തീർന്നു എന്നതിൽ സന്തോഷിക്കരുത്. മറിച്ച്, അല്ലാഹുവിന്റെ കാരുണ്യത്തിൽ ഭാഗഭാക്കാകുന്നതിന് നിങ്ങളുടെ അവസ്ഥയെ മാറ്റേണ്ട ആവശ്യമുണ്ട്. നിങ്ങളുടെ ആത്മാവിന്റെ ദോഷങ്ങളെ പുറത്തെടുത്ത്, അതിൽ നന്മകൾ പ്രവേശിപ്പിക്കേണ്ട ആവശ്യമുണ്ട്. അപ്പോഴാണ് ഈ ഹിജ്റത്ത് പൂർണ്ണമാകുന്നത്. അല്ലാഹു നല്കിയ ഈ അവസരത്തെ പ്രയോജനപ്പെടുത്തേണ്ടതും ആരാധനാകർമ്മങ്ങളുടെ നില മെച്ചപ്പെടുത്തേണ്ടതും അല്ലാഹുവിന്റെ സന്ദേശം ജനങ്ങൾക്കെത്തിക്കുന്നതിനുള്ള ജിഹാദിൽ പങ്കെടുക്കേണ്ടതും ആവശ്യമാണ്. ഈ ജിഹാദ് ചെയ്യാൻ ധനത്യാഗവും ആവശ്യമാണ്. ഈ ധനത്യാഗത്തിന്റെ ജിഹാദ്, മറ്റുള്ളവരിൽനിന്ന് അഹ്മദികളെ വേർതിരിച്ചുനിറുത്തുന്നു. ഇവിടെ വന്ന് ഐശ്വര്യമുണ്ടായതിനുശേഷം, അശ്രദ്ധരായിപ്പോകരുത്. ശാരീരികമായി ഹിജ്റത്ത് ചെയ്യാൻ അല്ലാഹു ഒരു അഹ്മദിയ്ക്ക് അവസരം നല്കിയിട്ടുണ്ടെങ്കിൽ, ആ ഹിജ്റത്ത് കാരണം അയാൾ സ്വന്തം ആത്മാവിനെ നന്നാക്കിത്തീർക്കുന്നതിനുവേണ്ടിയും ശ്രദ്ധിക്കേണ്ടതുണ്ട്. ആദ്യത്തേക്കാൾ കൂടുതൽ അല്ലാഹുവിന്റെ കാരുണ്യം കരസ്ഥമാക്കുന്നവരായിത്തീരുന്നതിന് ഇത് ആവശ്യമാണ്. ഓരോ കാലത്തും ധനം ത്യാഗം ചെയ്യുന്നതിനായി വിളിക്കപ്പെടുമ്പോൾ- ജമാഅത്തിന് ആവശ്യങ്ങൾ നേരിടുന്ന ഘട്ടത്തിൽ വിളിക്കുമ്പോൾ അതിലേക്ക് ശ്രദ്ധിക്കേണ്ടത് അനിവാര്യമാണ്. ആദ്യകാലങ്ങളിലും അല്ലാഹുവിന്റെ കാരുണ്യം ആർജ്ജിച്ചവരുടെ ത്യാഗങ്ങൾ തന്നെയാണിതും.

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലഘട്ടത്തിലും അല്ലാഹുവിന്റെ റഹ്മത്തിനെ സ്വരുക്കൂട്ടുന്നതിനായി അവിടത്തെ സഹാബത്ത് പരിശ്രമിച്ചു. അവർ സ്വന്തം നാടുപേക്ഷിച്ചു. ധനനഷ്ടം സഹിച്ചു. അവർക്ക് ജിഹാദ് ചെയ്യേണ്ടിവന്നു. അങ്ങനെ എല്ലാം സംഭവിച്ചു. പിന്നീട് ആ ത്യാഗങ്ങളിൽ എത്രമാത്രം മനോഹരമായ ഫലങ്ങളാണുണ്ടായത്. അത് കണ്ടിട്ട് നാം അത്ഭുതപ്പെട്ടുപോകുന്നു. അവർ തങ്ങളുടെ ആത്മാവിനെ സ്വയം തിരുത്തിനന്നാക്കി. തങ്ങളുടെ തിന്മകളെല്ലാം ഉപേക്ഷിച്ചു. നന്മകളെ സ്വായത്തമാക്കി. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സന്ദേശം എത്തിക്കുന്നതിനായി, ഉദാത്തമായ ത്യാഗങ്ങൾ വരിച്ചു. ആ നിയമം മനസ്സിലാക്കിക്കൊണ്ട്, അല്ലാഹുവിന്റെ റഹ്മത്തിനെ ആർജ്ജിച്ചെടുക്കുന്നവരാണ് ഇന്നത്തെ ഭാഗ്യവാന്മാർ. അല്ലാഹു, താൻ ഒരുപാട് പൊറുക്കുന്നവനും നിരന്തരം കരുണ ചെയ്യുന്നവനുമാണെന്ന് പറയുന്നതുപോലെ, നാം നമ്മുടെ തെറ്റുകൾ മനസ്സിലാക്കി അവന്റെ മുമ്പിൽ കുനിയുന്നവരും അവന്റെ ദീനിന്റെ ഉന്നമനത്തിനായി ത്യാഗങ്ങൾ ചെയ്യുവാൻ ശ്രമിക്കുന്നവരുമാണെങ്കിൽ തീർച്ചയായും അല്ലാഹുവിന്റെ റഹ്മത്തിൽ ഭാഗഭാക്കാകും. കാരണം സദുദ്ദേശ്യത്തോടും ദൈവഭയത്തോടും കൂടി തനിക്കുവേണ്ടി ചെയ്യുന്ന അത്തരം പരിശ്രമങ്ങളെ അല്ലാഹു ഒരിക്കലും പാഴാക്കുകയില്ല.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "ദൈവത്തിന്റെ നടപടികൾ മുറപ്രകാരം നടന്നുവരുന്നു. അവൻ അവരുടെ പരിശ്രമങ്ങളെ പാഴാക്കിക്കളയുകയില്ല. മറിച്ച്, ആ എല്ലാ പരിശ്രമങ്ങൾക്ക് സൽഫലം നല്കിയനുഗ്രഹിക്കുന്നു."

എല്ലാ അഹ്മദികൾക്കും, തന്റെ റഹീമിയ്യത്തിൽനിന്ന് അല്ലാഹു എപ്പോഴും വീതം നല്കിക്കൊണ്ടിരിക്കുമാറാകട്ടെ. എന്നെന്നും അല്ലാഹുവിന്റെ റഹ്മത്തിന് കാരണമാകുംവിധമുള്ള പ്രവൃത്തികൾ ചെയ്യാൻ ഓരോ അഹ്മദിക്കും തൗഫീഖ് ലഭിക്കുമാറാകട്ടെ.

ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരിടത്ത് പറയുന്നു: "ദാനത്തിന്റെ മൂന്നാമത്തെ തരം ഫയ്സാനെ ഖാസ് അഥവാ പ്രത്യേകമായ ദാനമാണ്. ഫയ്സാനെ ഖാസും, ഫയ്സാനെ ആമും തമ്മിലുള്ള വ്യത്യാസം ഫയ്സാനെ ആമിൽ (സാധാരണദാനത്തിൽ) ലാഭം ആഗ്രഹിക്കുന്ന ആൾക്ക് അനുഗ്രഹം കരസ്ഥമാക്കുന്നതിന് തന്റെ അവസ്ഥ നന്നാക്കിതീർക്കണമെന്ന് നിർബന്ധമില്ല. അല്ലാഹുവിന് രണ്ടുതരത്തിലുള്ള ദാനമുണ്ട്. ഒന്ന് പൊതുവായിട്ടുള്ളത്. ഒന്ന് പ്രത്യേകമായിട്ടുള്ളത്. പൊതുവായിട്ടുള്ളത് റഹ്മാനിയ്യത്ത് എന്ന നിലയിലാണ്. ഖാസ് അഥവാ പ്രത്യേകമായിട്ടുള്ളത് റഹീമിയ്യത്തിന്റെ നിലയിലാണ്. പറഞ്ഞു: റഹ്മാനിയ്യത്തിന്റെ കരുണ ലഭിക്കാൻ, നന്മ ചെയ്തേ പറ്റൂ എന്നോ അവസ്ഥ നന്നാക്കിത്തീർക്കണമെന്നോ ഉള്ള നിബന്ധനയില്ല. പറഞ്ഞു: (റഹ്മാനിയ്യത്തിന്റെ) അനുഗ്രഹം കരസ്ഥമാക്കുന്നതിന് സ്വന്തം അവസ്ഥ നന്നാക്കുകയോ മറഞ്ഞിരിക്കുന്ന തിന്മകളിൽനിന്ന് ആത്മാവിനെ പുറത്തെടുക്കുകയോ ചെയ്യേണ്ടതില്ല. അല്ലെങ്കിൽ എന്തെങ്കിലും അധ്വാനമോ പരിശ്രമോ ആവശ്യമില്ല. ഈ ഉദാരതയിൽനിന്ന് അല്ലാഹു തന്റെ എല്ലാ ജീവജാലങ്ങൾക്കും, അതിന്റെ പ്രകൃതിയ്ക്കനുയോജ്യമായ അനുഗ്രഹം നല്കുന്നു. ചോദിക്കാതെതന്നെ എല്ലാം നല്കുന്നു. എന്നാൽ, ഫയ്സാനെ ഖാസ് പ്രത്യേകമായ ദാനത്തിന്, പ്രയത്നവും പരിശ്രമവും മനപരിശുദ്ധിയും പ്രാർത്ഥനയും താണുകേഴലും അല്ലാഹുവിലേക്കുള്ള ശ്രദ്ധയും സാഹചര്യവും സന്ദർഭവുമനുസരിച്ചുള്ള മറ്റ് എല്ലാതരം അത്യധ്വാനവും (അല്ലാഹുവിന്റെ റഹീമിയ്യത്ത് കരസ്ഥമാക്കുന്നതിനായി) ചെയ്യേണ്ടിവരും. സ്വന്തം ആത്മാവിനെ ശുദ്ധീകരിക്കേണ്ടിവരുന്നു. ദുആയിലേക്ക് ശ്രദ്ധിക്കേണ്ടിവരുന്നു. ഉപരിപ്ലവകരമായ പ്രാർത്ഥനയല്ല. അങ്ങേയറ്റം വിനയത്തോടും കേണുകൊണ്ടും വിറച്ചുകൊണ്ടും അവനോട് ചോദിക്കണം. പൂർണ്ണമായ നിലയിൽ അല്ലാഹുവിലേക്ക് ശ്രദ്ധിക്കേണ്ടതായിവരുന്നു. ഇതിനു പുറമേ, എന്തെങ്കിലും പ്രവൃത്തിക്കായി എന്തു മുജാഹദയാണോ അത്യാവശ്യമായിട്ടുള്ളത്, അത് ചെയ്യേണ്ടതായി വരും. പറഞ്ഞു, അവന്റെ ദാനം പ്രാപിക്കുന്നവർ, അതന്വേഷിച്ചു നടക്കുന്നവരാണ്. അന്വേഷിക്കുന്നവന് അല്ലാഹുവിന്റെ ദാനം ലഭിക്കും. അവനുവേണ്ടി ശ്രമിക്കുന്നവരുടെമേൽ അവൻ അനുഗ്രഹം ഇറക്കുന്നു. പ്രകൃതിനിയമത്തെ പറ്റി പഠിക്കുകയാണെങ്കിൽ അവിടെയും ഇത് കാണാൻ കഴിയും. ശ്രമിക്കുന്നവരും ശ്രമിക്കാത്തവരും അല്ലാഹുവിന്റെ മുമ്പിൽ, തുല്യരാകുകയില്ലെന്നത് വ്യക്തമാണ്. അല്ലാഹുവിന്റെ വഴിയിൽ അത്യധ്വാനം ചെയ്യുന്നവരും, അവന്റെ വഴിയിൽ അലസരായിട്ടിരിക്കുന്നവരും ഒരിക്കലും സമന്മാരാകുകയില്ലെന്ന് പ്രകടമാണ്. സത്യസന്ധരായിക്കൊണ്ട് അല്ലാഹുവിന്റെ വഴിയിൽ അധ്വാനിക്കുന്നവരുടേയും എല്ലാതരം ഇരുട്ടുകളിൽനിന്നും കുഴപ്പങ്ങളിൽനിന്നും അകന്നുനില്ക്കുന്നവരുടേയും കൂടെ ഒരു പ്രത്യേക റഹ്മത്ത് ഉണ്ടാകുന്നു എന്നതിൽ സംശയമില്ല. ഈ ഉദാരതയുടെ വെളിച്ചത്തിൽ അല്ലാഹുവിന്റെ പേര് വിശുദ്ധഖുർആനിൽ റഹീം എന്നാണ്. റഹീമിയ്യത്ത്

എന്ന മഹനീയഗുണത്തിന്റെ ഈ സ്ഥാനം, പ്രത്യേകവും നിബന്ധനകൾക്ക് വിധേയവും ആയ കാരണത്താൽ, റഹ്മാനിയ്യത്ത് എന്ന മഹനീയഗുണത്തിനുശേഷം വന്നിരിക്കുന്നു. കാരണം അല്ലാഹുവിൽ നിന്ന് ഒന്നാമതായി റഹ്മാനിയ്യത്ത് എന്ന മഹനീയഗുണമാണ് ആദ്യം വെളിപ്പെട്ടത്. അതിനുശേഷം റഹീമിയ്യത്ത് എന്ന മഹനീയഗുണം വെളിപ്പെടാൻ തുടങ്ങി.”

ഈ ക്രമമനുസരിച്ച്, വിശുദ്ധഖുർആനിലും റഹീമിയ്യത്ത് എന്ന മഹനീയഗുണത്തെ, റഹ്മാനിയ്യത്ത് എന്ന മഹനീയഗുണത്തിനുശേഷം പറഞ്ഞിരിക്കുന്നു. പറഞ്ഞു. ***അർറഹ്മാനിർറഹിം***. റഹീമിയ്യത്ത് എന്ന മഹനീയഗുണത്തിന്റെ വിവരണം പല സ്ഥലങ്ങളിലും പരിശുദ്ധഖുർആൻ പറഞ്ഞിട്ടുണ്ട്. ഒരിടത്ത് അവൻ പറഞ്ഞു. ***വകാനബിൽമുഅ്മിനീന റഹീമാ***. അതായത്, അല്ലാഹുവിന്റെ റഹീമിയ്യത്ത് വിശ്വാസികളുമായി മാത്രം പ്രത്യേകപ്പെട്ടിരിക്കുന്നു. അതിൽനിന്ന്, വിശ്വാസവഞ്ചകർക്കും, നിഷേധികൾക്കും വീതമില്ല. ഇവിടെ അല്ലാഹു റഹീമിയ്യത്ത് എന്ന മഹനീയഗുണം മുഅ്മിനീകളുമായി പ്രത്യേകപ്പെടുത്തിയിരിക്കുന്നത് നോക്കേണ്ടതാണ്. എന്നാൽ, റഹ്മാനിയ്യത്തിനെ മുഅ്മിനുമായി ഒരിടത്തും പ്രത്യേകപ്പെടുത്തിയിട്ടില്ല. ***വ കാന ബിൽമുഅമിനീന റഹ്മാന*** എന്ന് ഒരിടത്തും പറഞ്ഞില്ല. മറിച്ച്, മുഅ്മിനീനുമായിട്ടുള്ള റഹ്മത്തിന്റെ ബന്ധം, എല്ലാ സ്ഥലത്തും റഹീമിയ്യത്തുമായി ബന്ധപ്പെടുത്തിയാണ് പറഞ്ഞിട്ടുള്ളത്.

മറ്റൊരു സ്ഥലത്ത് പറഞ്ഞു: ***ഇന്ന റഹ്മത്തല്ലാഹി ഖരീബൻമ്മിനൽ മുഹ്സിനീൻ*** ദൈവികകാരുണ്യം നന്മ ചെയ്യുന്നവരുമായി അടുത്തിരിക്കുന്നു. മറ്റൊരു സ്ഥലത്ത് പറഞ്ഞു: ***ഇന്നല്ലദീന ആമനൂ വല്ലദീന ഹാജറൂ വ ജാഹദൂ ഫീ സബീലില്ലാഹി ഉലായിക്ക യർജൂന റഹ്മത്തല്ലാഹി- വല്ലാഹു ഗഫൂറുർറഹീം***. വിശ്വസിക്കുകയും സ്വദേശം വെടിയുകയും അല്ലെങ്കിൽ ഇന്ദ്രിയാശകൾ വെടിയുകയും അല്ലാഹുവിന്റെ മാർഗ്ഗത്തിൽ തീവ്രയത്നം നടത്തുകയും ചെയ്തവരാരോ അവർ അല്ലാഹുവിന്റെ കാരുണ്യത്തെ പ്രതീക്ഷിക്കുന്നവരാണ്. അല്ലാഹു സർവ്വഥാ പൊറുത്തുകൊടുക്കുന്നവനും നിരന്തരം കൃപ ചെയ്യുന്നവനുമാകുന്നു. (2:21)

അതായത്, അവന്റെ റഹീമിയ്യത്ത് എന്ന ദാനം അതിന്നർഹതപ്പെട്ടവരുടെ കൂടെതന്നെയായിത്തീരുന്നു. അതിനുവേണ്ടി ശ്രമിച്ചിട്ട് ലഭിക്കാത്തവരായി ആരുംതന്നെയില്ല.

ഇവിടെ പറഞ്ഞ ***ഇന്നല്ലദീന ആമനൂ വല്ലദീന ഹാജറൂ വ ജാഹദൂ ഫീ സബീലില്ലാഹി ഉലായിക്ക യർജൂന റഹ്മത്തല്ലാഹി- വല്ലാഹു ഗഫൂറുർറഹീം*** എന്ന ഖുർആനിക വചനം കണ്ടപ്പോൾ ഒരു കാര്യം ഓർമ്മവന്നു. ഖലീഫത്തുൽ മസീഹ് സാനി(റ)യും ഇത് എഴുതിയിട്ടുണ്ട്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ, ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സഹാബത്തിനും ജമാഅത്തിൽ വലിയ സ്ഥാനമാണുള്ളത്. സ്വഹാബാത്തിന്റെ മക്കൾ, അവരെ പരിചയപ്പെടുത്തുമ്പോൾ എന്റെ ഇന്ന പിതാമഹൻ സ്വഹാബിയാണെന്ന് പറയാറുണ്ട്. സ്വഹാബിയുടെ മക്കൾ എന്നു പറയുമ്പോൾ, അവർ ഏതുരീതിയിലാണ് തങ്ങളുടെ ശരീരേച്ഛകളെ ചവുട്ടിമെതിച്ചുകളഞ്ഞതെന്നും, സ്വദേശം വെടിഞ്ഞതെന്നും, കച്ചവടങ്ങൾ തുടങ്ങിയവ ഉപേക്ഷിച്ചതെന്നും, കടമ നിറവേറ്റിയതെന്നും നോക്കേണ്ടതാണ്. അവരുടെ ആ സ്ഥാനം നിലനിറുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

ഹദ്റത്ത് ഉമർ(റ) ഒരിക്കൽ ഹജ്ജിന് പോയി. നബിയുടെ കാലശേഷം ഇസ്ലാംമതം സ്വീകരിച്ച കുറച്ച് ചെറുപ്പക്കാർ അദ്ദേഹത്തിന്റെയടുക്കൽ ഇരിപ്പുണ്ടായിരുന്നു. അപ്പോൾ ഒരു സ്വഹാബി അവിടെ വന്നു. ഉമർ (റ) അവരോട് അല്പം പിന്നിലേക്ക് മാറിയിരിക്കാൻ പറഞ്ഞു. നബി(സ)യുടെ സഹാബിയാണെന്ന് പരിചയപ്പെടുത്തുകയും ചെയ്തു. അവർ പിന്നിലേക്കുപോയി. കുറച്ചുകഴിഞ്ഞപ്പോൾ വേറൊരു സഹാബി വന്നു. അപ്പോഴും ആ ചെറുപ്പക്കാരെ ഉമർ പിന്നിലേക്ക് മാറ്റി. അങ്ങനെ അവർ ചെരുപ്പുകൾ വയ്ക്കുന്ന സ്ഥലംവരെ എത്തി. അവിടെ അവർ നല്ല കുടുംബക്കാരെ കണ്ടു. അവിടെ എത്തിയപ്പോൾ അവർക്ക് വിഷമമായി. അവർക്ക് കണ്ണീർ വന്നു. അവർ വെളിയിൽ പോയി. വെളിയിൽ ചെന്നിട്ട് അവർ സംസാരിക്കാൻ തുടങ്ങി. ഇങ്ങനെയുള്ള നമ്മുടെ അവസ്ഥ വളരെ പരിതാപകരമാണ്. അവരിൽ യഥാർത്ഥ വിശ്വാസിയായ ഒരാൾ പറഞ്ഞു: എന്തുണ്ടായാലും ഇത് നമ്മുടെ പൂർവ്വപിതാക്കളുടെ വീഴ്ചയാണ്. അവർ നബി(സ)യെ വിശ്വസിച്ചില്ല. അക്കാരണത്താൽ ഇന്ന് നമുക്ക് ഈ നിന്ദ്യത സഹിക്കേണ്ടിവന്നു. എന്തായാലും, സഹാബത്തിന് ഒരു സ്ഥാനമുണ്ട്. അതിനെന്ത് പരിഹാരമാണുള്ളതെന്ന് അവർ ചോദിച്ചു. ഉമറിനോടുതന്നെ ചോദിക്കാമെന്ന് അവർ പറഞ്ഞു. ഹദ്റത്ത് ഉമർ(റ)ന്റെയടുക്കൽ അവർ ചെല്ലുകയും തങ്ങളോട് ഇത്തരം പെരുമാറ്റം ഇന്നുണ്ടായി എന്ന് പറയുകയും ചെയ്തു. താൻ നിർബന്ധിതനായിരുന്നുവെന്ന് ഉമർ(റ) പറഞ്ഞു. നിങ്ങളുടെ കുടുംബാവസ്ഥകളെല്ലാം തനിക്കറിയാമെന്നും അ

വരെ അറിയിച്ചു. റസൂൽ(സ)യുടെ സഹാബത്ത് ത്യാഗങ്ങൾ വരിച്ചു. ഹിജ്റത്ത് ചെയ്തു. യുദ്ധങ്ങൾ ചെയ്തു. അവർക്കെതിരിൽ നിങ്ങൾക്ക് അത്ര സ്ഥാന മില്ല. ഇതിനുള്ള പ്രതിവിധി എന്താണ് എന്ന് അവർ ചോദിച്ചു. അവിടന്ന് ശാമിലേക്ക് ചൂണ്ടിക്കൊണ്ട് പറ ഞ്ഞു. അവിടെ പോകുക. അവിടെ അപ്പോൾ യുദ്ധം നടക്കുകയായിരുന്നു. ആ ഏഴു ചെറുപ്പക്കാരും അങ്ങോട്ടു പോയി. യുദ്ധത്തിൽ പങ്കെടുക്കുകയും ശഹാദത്തുവരിക്കുകയും ചെയ്തു. അങ്ങനെ അവർ ഒരു പദവി പ്രാപിച്ചു.

ഞാൻ പറയാനാഗ്രഹിച്ചത്, പഴയ കുടുംബ ത്തിൽപെട്ടവരോട്, സഹാബത്തിന്റെ മക്കളോട് ഞാൻ പറയാനാഗ്രഹിക്കുന്നത്, അവർ ത്യാഗങ്ങൾ വരിച്ചു, അതിന്റെ ഫലമായി വലിയ സ്ഥാനം പ്രാപി ച്ചു. ഇപ്പോൾ നമ്മുടെയിടയിൽ സ്വഹാബിമാർ ആരു മില്ല. നമ്മൾ സ്വഹാബികളുടെ സന്താനപരമ്പര യിൽപ്പെട്ടവരാണെന്ന് മാത്രം പറയുന്നത് മതിയാകു കയില്ല. ഇക്കാലഘട്ടത്തിൽ പിന്നീട് വന്നിട്ടുള്ളവർ ഈ യാഥാർത്ഥ്യത്തെ മനസ്സിലാക്കിക്കൊണ്ട് ജിഹാദ് ചെയ്യുകയും സ്വദേശം വെടിയുകയും ചെയ്യുകയാ ണെങ്കിൽ, അവർക്കും മുന്നേറാൻ കഴിയും. അതു കൊണ്ട് ഇക്കാര്യങ്ങൾ ശ്രദ്ധിക്കുക. നിങ്ങളുടെ പൂർവികർ ചെയ്ത ത്യാഗങ്ങളേയും വരിച്ച സ്ഥാന ങ്ങളേയും നിലനിറുത്താൻ ശ്രമിക്കുക. അല്ലാഹു എല്ലാവിധത്തിലുള്ള അനുഗ്രഹങ്ങളും നമുക്ക് നല്കുമാറാകട്ടെ. ആമീൻ.


| | |
|---|---|
| Khuthba | *Translated by: Muhammad Ismail, Alleppey* |
| Hadhrat Mirza Masroor Ahmad | Mob: 94466 56123 |
| Khalifathul Masih V | Page Layout & Typeset: BRB, Kannur |
| on 16.2.2007 at Baithulfutuh, London | Published by: Majlis Khuddamul Ahmadiyya, Kerala |